25.04.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18-12-1987

# കർമ്മയോഗി സ്ഥിതിയുടെ ഗുഹ്യമായ പരിഭാഷ

ഇന്ന് വിദേഹിയായ ബാപ്ദാദ തന്റെ വിദേഹി സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന ശ്രേഷ്ഠമായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ ബ്രാഹ്മണ ആത്മാവും വിദേഹിയാകുന്നതിന്റെ അഥവാ കർമ്മാതീതമാകുന്നതിന്റെ ശ്രേഷ്ഠമായ ലക്ഷ്യവുമായി സമ്പൂർണ്ണ സ്ഥിതിയുടെ സമീപത്തേക്ക് വന്നു കൊണ്ടിരിക്കുന്നു. അതിനാൽ ഇന്ന് ബാപ്ദാദ കുട്ടികളുടെ കർമ്മാതീത വിദേഹി സ്ഥിതിയുടെ സമീപതയെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു- ആരെല്ലാം എത്രത്തോളം സമീപത്തെത്തി, ഫോളോ ബ്രഹ്മാബാബ എത്രത്തോളം ചെയ്തു അല്ലെങ്കിൽ ചെയ്തു കൊണ്ടിരിക്കുന്നു? സർവ്വരുടെയും ലക്ഷ്യം ബാബയുടെ സമീപവും സമാനവുമാകുക എന്നതാണ്. പക്ഷെ പ്രാക്ടിക്കലിൽ നമ്പർവാർ ആയിത്തീരുന്നു. ഈ ദേഹത്തിലിരുന്നും വിദേഹി അർത്ഥം കർമ്മാതീതമാകുന്നതിന്റെ ഉദാഹരണം സാകാരത്തിൽ ബ്രഹ്മാബാബയെ കണ്ടു. അതിനാൽ കർമ്മാതീതമാകുന്നതിന്റെ വിശേഷതയെന്താണ്? ഏപ്പോൾ വരെ ഈ ദേഹമുണ്ടോ, കർമ്മേന്ദ്രിയങ്ങളോടൊപ്പം ഈ കർമ്മ ക്ഷേത്രത്തിൽ പാർട്ടഭിനയിച്ചു കൊണ്ടിരിക്കുന്നുവൊ, അതു വരെ കർമ്മം ചെയ്യാതെ ഒരു സെക്കന്റ് പോലുമിരിക്കാൻ സാധക്കില്ല. കർമ്മാതീതം അർത്ഥം കർമ്മം ചെയ്തു കൊണ്ടും കർമ്മത്തിന്റെ ബന്ധനത്തിൽ നിന്നുപരി. ഒന്നുണ്ട് ബന്ധനം രണ്ടാമത് സംബന്ധം. കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മത്തിന്റെ സംബന്ധനത്തിൽ വരിക എന്നത് വേറെയാണ്, കർമ്മത്തിന്റെ ബന്ധനത്തിൽ ബന്ധിക്കപ്പെടുക എന്നത് വേറെ. കർമ്മബന്ധനം കർമ്മത്തിന്റെ പരിധിയുടെ ഫലത്തിന് വശപ്പെടുത്തുന്നു. വശീഭൂതം എന്നു പറയുമ്പോൾ മറ്റുള്ളവർക്ക് വശപ്പെടുന്നു എന്നാകുന്നു. വശപ്പെടുന്നവർ ഭൂതത്തിന് സമാനം അലയുന്നവരായി മാറുന്നു. അശുദ്ധ ആത്മാവ് ഭൂതമായി പ്രവേശിക്കുമ്പോൾ മനുഷ്യാത്മാവിന്റെ സ്ഥിതിയെന്തായിരിക്കും? പരപവശമായി അലയുന്നു. അതേപോലെ കർമ്മത്തിന് വശീഭൂതരായവർ അർത്ഥം കർമ്മത്തിന്റെ വിനാശി ഫലത്തിന്റെ ഇച്ഛയ്ക്ക് വശീഭൂതരായവർ അപ്പോൾ കർമ്മവും ബന്ധനത്തിൽ ബന്ധിച്ച് ബുദ്ധിയിലൂടെ അലയിച്ചു കൊണ്ടിരിക്കും. ഇതിനെയാണ് കർമ്മബന്ധനം എന്നു പറയുന്നത്, ഇത് സ്വയത്തെയും പരവശമാക്കുന്നു, മറ്റുള്ളവരെയും പരവശപ്പെടുത്തുന്നു. കർമ്മാതീതം അർത്ഥം കർമ്മത്തിന് വശപ്പെടുന്നവരല്ല എന്നാൽ അധികാരിയായി കർമ്മേന്ദ്രിയങ്ങളുടെ സംബന്ധത്തിൽ വരുന്നവർ, വിനാശി കാമനയിലൂടെ നിർമ്മോഹിയായി കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിക്കുന്നവർ. അധികാരിയായ ആത്മാവിനെ കർമ്മത്തിന് അധീനപ്പെടുത്താൻ സാധിക്കരുത് എന്നാൽ അധികാരിയായി ചെയ്യിപ്പിച്ചു കൊണ്ടിരിക്കണം. കർമ്മേന്ദ്രിയങ്ങൾ തന്റെ ആകർഷണത്തിൽ ആകർഷിക്കുന്നു അർത്ഥം കർമ്മത്തിന് വശീഭൂതമാകുന്നു, അധീനമാകുന്നു, ബന്ധനത്തിൽ ബന്ധിക്കപ്പെടുന്നു. കർമ്മാതീതം അർത്ഥം ഇതിൽ നിന്നും അതീതം അർത്ഥം നിർമ്മോഹി. കണ്ണുകളുടെ കർത്തവ്യമാണ് കാണുക എന്നാൽ കാണുന്നതിന്റെ കർമ്മം ചെയ്യിക്കുന്നതാര്? കണ്ണ് കർമ്മം ചെയ്യുന്നതാണ്, ആത്മാവ് കർമ്മം ചെയ്യിക്കുന്നു. അപ്പോൾ ചെയ്യിക്കുന്ന ആത്മാവ് , ചെയ്യിപ്പിക്കുന്ന കർമ്മേന്ദ്രിയങ്ങൾക്ക് വശപ്പെടുകയാണെങ്കിൽ ഇതിനെയാണ് കർമ്മ ബന്ധനം എന്നു പറയുന്നത്. ചെയ്യിപ്പിക്കുന്നവനായി കർമ്മം ചെയ്യിക്കൂ- ഇതിനെയാണ് പറയുന്നത് കർമ്മത്തിന്റെ സംബന്ധത്തിൽ വരിക എന്ന്. കർമ്മാതീതമായ ആത്മാവ് സംബന്ധത്തിൽ വരുന്നു എന്നാൽ ബന്ധനത്തിൽ വരുന്നില്ല. ഇടക്കിടക്ക് പറയാറില്ലേ പറയാൻ ആഗ്രഹമില്ലായിരുന്നു പക്ഷെ പറഞ്ഞു, ചെയ്യാൻ ആഗ്രഹമില്ലായിരുന്നു പക്ഷെ ചെയ്തു പോയി. ഇതിനെയാണ് പറയുന്നത് കർമ്മത്തിന്റെ ബന്ധനത്തിൽ വശീഭൂതമായ ആത്മാവ് എന്ന്. ഇങ്ങനെയുള്ള ആത്മാവ് കർമ്മാതീത സ്ഥിതിയുടെ സമീപത്തെന്ന് പറയുമോ അതോ ദൂരെയെന്ന് പറയുമോ?

കർമ്മാതീതം അർത്ഥം ദേഹം, ദേഹത്തിന്റെ സംബന്ധം, പദാർത്ഥം, ലൗകീകമാകട്ട അലൗകീകമാകട്ടെ രണ്ട് സംബന്ധങ്ങളിലൂടെയും, ബന്ധനത്തിൻ നിന്നും അതീതം അർത്ഥം നിർമ്മോഹി. സംബന്ധം എന്ന ശബ്ദം പറയാറുണ്ട്- ദേഹത്തിന്റെ സംബന്ധം, ദേഹത്തിന്റെ സംബന്ധികളുടെ സംബന്ധം, എന്നാൽ ദേഹത്തിൽ അഥവാ സംബന്ധത്തിൽ അധീനമാണെങ്കിൽ സംബന്ധവും ബന്ധനമായി മാറുന്നു. സംബന്ധം എന്ന ശബ്ദം സ്നേഹി നിർമ്മോഹി സ്ഥിതിയുടെ അനുഭവം ചെയ്യിക്കുന്നു. ഇന്നത്തെ സർവ്വാത്മാക്കളുടെയും സംബന്ധം, ബന്ധനത്തിന്റെ രൂപത്തിലേക്ക് പരിവർത്തനപ്പെട്ടു. എവിടെയാണൊ സംബന്ധം ബന്ധനത്തിന്റെ രൂപമാകുന്നത്, ആ ബന്ധനം സദാ സ്വയത്തെ ഏതെങ്കിലും പ്രകാരത്തിൽ പരവശമാക്കി കൊണ്ടിരിക്കും, ദുഃഖത്തിന്റെ അലകൾ അനുഭവം ചെയ്യിക്കും, ഉദാസീനതയുടെ അനുഭവം ചെയ്യിക്കും. വിനാശി പ്രാപ്തികൾ ഉണ്ടായിട്ടും അല്പക്കാലത്തേക്ക് ആ പ്രാപ്തികളുടെ സുഖം അനുഭവിക്കും. സുഖത്തിനോടൊപ്പം ഇപ്പോളിപ്പോൾ പ്രാപ്തി സ്വരൂപത്തിന്റെ അനുഭവം ചെയ്യും, ഇപ്പോളിപ്പോൾ പ്രാപ്തികളുണ്ടായിട്ടും അപ്രാപ്ത സ്ഥിതിയുടെ അനുഭവുണ്ടാകും. സമ്പന്നമായിട്ടും സ്വയത്തെ

ശൂന്യമായി അനുഭവിക്കും. സർവ്വതും ഉണ്ടായിട്ടും– ഇനിയും വേണം – എന്ന അനുഭവം ചെയ്തു കൊണ്ടിരിക്കും. എവിടെയാണൊ വേണം വേണം.. എന്നുള്ളത്– അവിടെയൊരിക്കലും സന്തുഷ്ടത ഉണ്ടായിരിക്കില്ല. മനസ്സും സന്തുഷ്ടമായിരിക്കണം, ശരീരവും സന്തുഷ്ടമായിരിക്കണം, മറ്റുള്ളവരും സന്തുഷ്ടമായിട്ടിരിക്കണം– ഇത് സദാ ഉണ്ടായിരിക്കില്ല. ഏതെങ്കിലുമൊക്കെ കാര്യത്താൽ സ്വയത്തോട് നിരാശ അഥവാ മറ്റുള്ളവരോട് ആഗ്രഹിക്കാതെ തന്നെ നിരാശരാകും, കാരണം നിരാശ അർത്ഥം രഹസ്യത്തെ മനസ്സിലാക്കിയിട്ടില്ല. അധികാരിയായി കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിപ്പിക്കുന്നതിന്റെ രഹസ്യം മനസ്സിലാക്കിയിട്ടില്ല. അപ്പോൾ നിരാശരാകില്ലേ. കർമ്മാതീതമായവർ ഒരിക്കലും നിരാശരാകില്ല കാരണം അവർ കർമ്മ സംബന്ധത്തിന്റെയും കർമ്മ ബന്ധനത്തിന്റെയും രഹസ്യത്തെ മനസ്സിലാക്കുന്നു. കർമ്മം ചെയ്തോളൂ എന്നാൽ വശീഭൂതരായിട്ടാകരുത്, അധികാരിയായി ചെയ്യൂ. കർമ്മാതീതം അർത്ഥം തന്റെ പഴയ കർമ്മത്തിന്റെ കണക്കിന്റെ ബന്ധനത്തിൽ നിന്ന് പോലും മുക്തം. കർമ്മകണക്കിന്റെ ഫലസ്വരൂപമായി ശരീരത്തിന്റെ രോഗമാകട്ടെ, മനസ്സിന്റെ സംസ്ക്കാരം അന്യ ആത്മാക്കളുടെ സംസ്ക്കാരവുമായി ഉരസൽ കൊണ്ടു വരുന്നതാകട്ടെ എന്നാൽ കർമ്മാതീതമായവർ കർമ്മകണക്കിന് വശപ്പെടാതെ അധികാരിയായി അതിനെ സമാപ്തമാക്കും. കർമ്മോയഗിയായി കർമ്മകണക്കിനെ സമാപ്തമാക്കുക– ഇതാണ് കർമ്മാതീതമാകുന്നതിന്റെ ലക്ഷണം. യോഗയിലൂടെ കർമ്മകണക്കിനെ പുഞ്ചിരിച്ച് കൊണ്ട് തൂമ്പയിൽ നിന്നും മുള്ളാക്കി ഭസ്മമാക്കുക അർത്ഥം കർമ്മക്കണക്കിനെ സമാപ്തമാക്കുക. രോഗത്തിന്റെ രൂപമാകരുത്. ആരാണൊ രോഗത്തിന്റെ രൂപമാകുന്നത് അവർ സദാ രോഗത്തെ തന്നെ വർണ്ണിച്ചു കൊണ്ടിരിക്കും. മനസ്സിലും വർണ്ണിക്കും മുഖത്തിലൂടെയും വർണ്ണിക്കും. രണ്ടാമത്തെ കാര്യം– രോഗത്തിന്റെ രൂപമായത് കാരണം സ്വയവും പരവശമാകും, മറ്റുള്ളവരെയും പരവശമാക്കും. അവർ നിലവിളിക്കും, കർമ്മാതീതമായവർ അതിനെ ഉൾക്കൊള്ളും. ചിലർക്ക് ചെറിയൊരു വേദന വന്നാൽ നിലവിളിക്കുന്നു, വേറെ ചിലർ കൂടുതൽ വേദനയുണ്ടായിട്ടും അതിനെ മറിക്കടക്കുന്നു. കർമ്മാതീത സ്ഥിതിയുള്ളവർ ദേഹത്തിന്റെ അധികാരിയായത് കാരണം കർമ്മകണക്ക് ഉണ്ടായിട്ടും നിർമ്മോഹിയാകുന്നതിന്റെ അഭ്യാസിയാണ് ഇടയ്ക്കിടയ്ക്ക് അശരീരി സ്ഥിതിയുടെ അനുഭവം രോഗത്തിൽ നിന്നും മറി കടത്തുന്നു. ഏതുപോലെ സയൻസിന്റെ സാധനങ്ങളിലൂടെ അബോധാവസ്ഥയിലേക്ക് കൊണ്ടു പോകുന്നതിനാൽ വേദന അറിയുന്നില്ല കാരണം മരുന്നിന്റെ ലഹരിയാണ്. കർമ്മാതീത അവസ്ഥയിലുള്ളവർ അശരീരിയാകുന്നതിന്റെ അഭ്യാസിയായതിനാൽ ഇടയ്ക്കിടയ്ക്ക് ഈ ആത്മീയ ഇൻഞ്ചക്ഷൻ എടുക്കുന്നു. ഇത് കാരണം വലുത് ചെറുതായി അനുഭവപ്പെടുന്നു. മറ്റൊരു കാര്യം– ഫാദറിനെ ഫോളൊ ചെയ്യുന്നത് കാരണം വിശേഷ ആജ്ഞാക്കാരിയാകുന്നതിന്റെ പ്രത്യക്ഷഫലമായി ബാബയുടെ ആശീർവാദം, ആ രോഗത്തെ അർത്ഥം കർമ്മക്കണക്കിനെ തൂമ്പയിൽ നിന്നും മുള്ള് പോലെയാക്കി മാറ്റുന്നു. കർമ്മാതീതമായ ശ്രേഷ്ഠ ആത്മാവ് കർമ്മക്കണക്കിനെ, കർമ്മയോഗത്തിന്റെ സ്ഥിതിയിലേക്ക് പരിവർത്തനപ്പെടുത്തുന്നു. അതിനാൽ അങ്ങനെയുള്ള അനുഭവമുണ്ടോ അതോ വലിയ കാര്യമാണെന്നാണോ മനസ്സിലാക്കുന്നത്? സഹജമാണോ അതോ പ്രയാസമാണോ? ചെറുതിനെ വലിയ കാര്യമാക്കുക അഥവാ വലുതിനെ ചെറിയ കാര്യമാക്കുക– ഇത് നിങ്ങളുടെ സ്ഥിതിക്കനുസരിച്ചാണ്. പരവശമാകുക അഥവാ തന്റെ അധികാരി സ്ഥിതിയുടെ ലഹരിയിലിരിക്കുക– ഇത് സ്വയത്തിന്റെ മേലാണ്. എന്ത് സംഭവിച്ചു അല്ലെങ്കിൽ സംഭവിച്ചത് നല്ലതിനാണ്– ഇത് നിങ്ങൾ ചിന്തിക്കുന്നത് പോലെയാണ്. ഈ നിശ്ചയത്തിന് മോശമായതിനെ പോലും നല്ലതിലേക്ക് പരിവർത്തനപ്പെടുത്താൻ സാധിക്കും കാരണം കർമ്മകണക്ക് സമാപ്തമായത് കാരണം അഥവാ സമയത്തിനനുസരിച്ച് പ്രാക്ടിക്കൽ പേപ്പർ ഡ്രാമയനുസരിച്ചായത് കാരണം ചില കാര്യങ്ങൾ നല്ല രൂപത്തിൽ മുന്നിൽ വരും, ചില സമയത്ത് നല്ല രൂപമായിട്ടും പുറമേയുള്ള രൂപം നഷ്ടം കൊണ്ടു വരുന്ന രീതിയിലുള്ളതായിരിക്കും അഥവാ നിങ്ങൾ പറയാറുണ്ടല്ലോ– ഈ രൂപത്തിലൂടെ നല്ലത് സംഭവിച്ചില്ലയെന്ന്. കാര്യങ്ങൾ വരും, ഇപ്പോൾ വരെ ഇങ്ങനെയുള്ള രൂപത്തിലുള്ള കാര്യങ്ങൾ വന്നു, വന്നു കൊണ്ടിരിക്കും. പക്ഷെ നഷ്ടത്തിന്റെ കർട്ടണിന്റെയുള്ളിൽ ലാഭം അടങ്ങിയിരിക്കുന്നു. പുറമേ നഷ്ടം കാണപ്പെട്ടാലും, കുറച്ച് സമയത്തേക്ക് ധൈര്യത്തിന്റെ അവസ്ഥയിലൂടെ സഹനശീലതയുടെ സ്ഥിതിയിലൂടെ അന്തർമുഖിയായി കാണൂവെങ്കിൽ പുറമേയുള്ള മൂടുപ്പടത്തിനുള്ളിൽ മറഞ്ഞിരിക്കുന്നത് തന്നെ നിങ്ങൾക്ക് കാണപ്പെടും, മുകളിലുള്ളത് കണ്ടിട്ടും കാണാതിരിക്കും. ഹോളീഹംസമല്ലേ? ആ ഹംസത്തിന് മുത്തിനെയും കല്ലിനെയും വേർതിരിച്ചറിയാൻ സാധിക്കും അപ്പോൾ ഹോളീഹംസങ്ങൾ തന്റെ മറഞ്ഞിരിക്കുന്ന നേട്ടത്തെ കാണും, നഷ്ടങ്ങൾക്കിടയിൽ നേട്ടത്തെ തിരഞ്ഞ് കണ്ടെത്തും. മനസ്സിലായോ? പെട്ടെന്ന് ഭയക്കുന്നില്ലേ? ഇതിലൂടെ എന്ത് സംഭവിക്കുന്നു? ഭയക്കുന്നത് കാരണം നല്ലത് ചിന്തിക്കുന്നത് പോലും മാറി പോകുന്നു. അതിനാൽ ഭയക്കാതിരിക്കൂ. കർമ്മത്തെ കണ്ട് കർമ്മത്തിന്റെ ബന്ധനത്തിൽ കുടുങ്ങാതിരിക്കൂ. എന്ത് സംഭവിച്ചു, എങ്ങനെ സംഭവിച്ചു, ഇങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു, എന്നോട് തന്നെ എന്തു കൊണ്ടിങ്ങനെ സംഭവിക്കുന്നു, എന്റെ ഭാഗ്യം ഒരുപക്ഷെ ഇങ്ങനെയായിരിക്കാം– ഈ ചരടുകൾ ബന്ധിക്കുന്നു. ഈ സങ്കല്പം തന്നെയാണ് ചരടുകൾ. അതിനാൽ കർമ്മത്തിന്റെ ബന്ധനത്തിൽ വരുന്നു. വ്യർത്ഥ സങ്കല്പം

തന്നെയാണ് കർമ്മബന്ധനത്തിന്റെ സൂക്ഷ്മമായ ചരടുകൾ. കർമ്മാതീത ആത്മാവ് പറയും- സംഭവിക്കുന്നതെല്ലാം നല്ലതിനാണ്, ഞാനും നല്ലത്, ബാബയും നല്ലത്, ഡ്രാമയും നല്ലത്. ഇത് ബന്ധനത്തെ മുറിക്കുന്നതിനുള്ള കത്രികയായി പ്രവർത്തിക്കുന്നു. ബന്ധനമില്ലാതായിയെങ്കിൽ കർമ്മാതീതമായില്ലേ. മംഗളകാരി ബാബയുടെ കുട്ടിയായത് കാരണം സംഗമത്തിന്റെ ഓരോ സെക്കന്റും മംഗളകാരിയാണ്. ഓരോ സെക്കന്റ് നിങ്ങളുടെ കർത്തവ്യം തന്നെ മംഗളം ചെയ്യുക എന്നതാണ്, സേവനം തന്നെ മംഗളം ചെയ്യുക എന്നതാണ്. ബ്രാഹ്മണരുടെ കർത്തവ്യം തന്നെയാണ് വിശ്വപരിവർത്തനം, വിശ്വമംഗളം. അങ്ങനെയുള്ള നിശ്ചയ ബുദ്ധി ആത്മാവിന് ഓരോ നിമിഷവും മംഗളകാരിയാണ്. മനസ്സിലായോ?

ഇപ്പോൾ കർമ്മാതീതത്തിന്റെ പരിഭാഷ വളരെ വലുതാണ്. കർമ്മത്തിന്റെ ഗതി ഗുഹ്യമാണ്, കർമ്മാതീത സ്ഥിതിയുടെ പരിഭാഷയും വളരെ മഹാനാണ്, കർമ്മാതീതമാകേണ്ടതും ആവശ്യമാണ്. കർമ്മാതീതമാകാതെ കൂടെ പോകാൻ സാധിക്കില്ല. കൂടെ ആര് പോകും? സമാനമായവർ. ബ്രഹ്മാബാബയെ കണ്ടു- കർമ്മാതീത സ്ഥിതിയെ എങ്ങനെ പ്രാപ്തമാക്കി? കർമ്മാതീതമാകുന്നതിന് ഫോളോ ചെയ്യുക അർത്ഥം കൂടെ പോകുന്നതിന് യോഗ്യരാകുക. ഇന്ന് ഇത്രയും മാത്രം കേൾപ്പിക്കുന്നു, ഇത്രയും ചെക്കിംഗ് ചെയ്യണം, ബാക്കി പിന്നീട് കേൾപ്പിക്കാം. ശരി.

സർവ്വ അധികാരി സ്ഥതിയിൽ സ്ഥിതി ചെയ്യുന്ന, കർമ്മബന്ധനത്തെ കർമ്മത്തിന്റെ സംബന്ധത്തിൽ പരിവർത്തനപ്പെടുത്തുന്ന, കർമ്മക്കണക്കിനെ കർമ്മയോഗത്തിന്റെ സ്ഥിതിയിൽ തൂമ്പയിൽ നിന്നും മുള്ളാക്കി മാറ്റുന്ന, ഓരോ സെക്കന്റിലും മംഗളം ചെയ്യുന്ന, സദാ ബ്രഹ്മാബാബയ്ക്ക് സമാനം കർമ്മാതീത സ്ഥിതിയുടെ സമീപത്താണെന്ന അനുഭവം ചെയ്യുന്ന- അങ്ങനെയുള്ള വിശേഷ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

അവ്യക്ത ബാപ്ദാദയുടെ പാർട്ടികളുമായുള്ള മിലനം-
1) സദാ സ്വയത്തെ സമർത്ഥനായ ബാബയുടെ സമർത്ഥരായ കുട്ടിയാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? ഇടയ്ക്ക് സമർത്ഥം, ഇടയ്ക്ക് ശക്തിഹീനം- ഇങ്ങനെയല്ലല്ലോ? സമർത്ഥം അർത്ഥം സദാ വിജയി. സമർത്ഥരായവർക്ക് ഒരിക്കലും തോൽവിയുണ്ടാകില്ല. സ്വപ്നത്തിൽ പോലും തോൽവിയുണ്ടാകില്ല. സ്വപ്നം, സങ്കല്പം, കർമ്മം സർവ്വതിലും സദാ വിജയി- ഇവരെയാണ് സമർത്ഥർ എന്ന് പറയുന്നത്. അങ്ങനെയുള്ള സമർത്ഥരല്ലേ? കാരണം ഇപ്പോഴത്തെ വിജയി, വളരെക്കാലമായി അവർ തന്നെ വിജയമാലയിൽ മഹിമ- പൂജയ്ക്ക് യോഗ്യരായി തീരുന്നു. വളരെക്കാലത്തെ വിജയിയല്ലായെങ്കിൽ, സമർത്ഥരല്ലായെങ്കിൽ വളരെക്കാലത്തെ മഹിമ-പൂജയ്ക്ക് യോഗ്യരാകാൻ സാധിക്കില്ല. സദാ, വളരെക്കാലത്തെ വിജയികൾ തന്നെയാണ് വളരെ സമയം വിജയ മാലയിൽ മഹിമ-പൂജയിൽ വരുന്നത്, ഇടയ്ക്കിടയ്ക്കുള്ള വിജയി അവർ ഇട്യ്ക്കിടയ്ക്കത്തെ അർത്ഥം 16000ത്തിന്റെ മാലയിൽ വരും. അതിനാൽ വളരെക്കാലത്തെ കണക്കാണ് സദാ ഉള്ള കണക്കാണ്. 16000ത്തിന്റെ മാല സർവ്വ ക്ഷേത്രങ്ങളിലും ഇല്ല, ചിലയിടങ്ങളിലെയുള്ളൂ.

2) സർവ്വരും സ്വയത്തെ ഈ വിശാലമായ ഡ്രാമയിലെ ഹീറോ പാർട്ടധാരി ആത്മാക്കളാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? നിങ്ങളെല്ലാവർക്കും ഹീറോ പാർട്ടാണ്. എന്നത് കൊണ്ട് ഹീറോ പാർട്ടധാരിയായി? കാരണം ഉയർന്നതിലും വച്ച് ഉയർന്ന ബാബ സീറോയാണ്- ബാബയോടൊപ്പം പാർട്ടഭിനയിക്കുന്നവരാണ്. നിങ്ങളും സീറോ അർത്ഥം ബിന്ദുവാണ്. എന്നാൽ നിങ്ങൾ ശരീരധാരിയായി മാറുന്നു, ബാബ സദാ സീറോയാണ്. അതിനാൽ സീറോവിനോടൊപ്പം പാർട്ടഭിനയിക്കുന്ന ഹീറോ ആക്ടറാണ്- ഈ സ്മൃതിയുണ്ടെങ്കിൽ സദാ യഥാർത്ഥമായ പാർട്ടഭിനയിക്കും, സ്വതവേ തന്നെ ശ്രദ്ധയുണ്ടാകും. പരിധിയുള്ള ഡ്രാമയിലെ ഹീറോ പാർട്ടധാരിക്ക് എത്ര ശ്രദ്ധയുണ്ടായിരിക്കും. ഏറ്റവും വലുതിലും വച്ച് വലിയ ഹീറോ പാർട്ട് നിങ്ങൾക്കാണ്. സദാ ഈ ലഹരിയിലും സന്തോഷത്തിലുമിരിക്കൂ- ആഹാ, എന്റെ ഹീറോ പാർട്ട് മുഴുവൻ വിശ്വത്തിലെ ആത്മാക്കൾ മഹിമ പാടുന്നുണ്ടോ? ദ്വാപരയുഗം മുതൽ പാടുന്ന കീർത്തനങ്ങൾ, നിങ്ങളുടെ ഈ സമയത്തെ ഹീറോ പാർട്ടിന്റെ സ്മരണയാണ്. എത്രയോ നല്ല സ്മരണയാണ് ഉണ്ടായത്. നിങ്ങൾ സ്വയം ഹീറോ ആയി അതിനാൽ നിങ്ങളുടെ പിന്നാലെ ഇപ്പോഴും മഹിമ ചെയ്തു കൊണ്ടിരിക്കുന്നത്. അന്തിമ ജന്മത്തിലും നിങ്ങളുടെ മഹിമ കേട്ടു കൊണ്ടിരിക്കുന്നു. ഗോപീവല്ലഭന്റെയും മഹിമയാണ്, ഗോപികമാരുടെയും മഹിമയാണ്. ബാബക്ക് ശിവന്റെ രൂപത്തിൽ മഹിമയുണ്ട്, കുട്ടികൾക്ക് ശക്തികളുടെ രൂപത്തിൽ മഹിമയുണ്ട്. അതിനാൽ സദാ ഹീറോ പാർട്ടഭിനയിക്കുന്ന ശ്രേഷ്ഠ ആത്മാക്കളാണ്-ഇതേ സ്മൃതിയിൽ സന്തോഷത്തിൽ മുന്നോട്ട് പോകൂ.

കുമാരൻമാരോട്–
1) സഹയോഗി കുമാരൻമാരല്ലേ? നിരന്തര യോഗി കുമാർ, കർമ്മയോഗി കുമാർ കാരണം കുമാരൻ എത്രത്തോളം സ്വയം മുന്നോട്ടുയരാൻ ആഗ്രഹിക്കുന്നുവൊ അത്രയും ഉയരാൻ സാധിക്കും. എന്ത് കൊണ്ട്? നിർബന്ധനമാണ്, ഭാരമില്ല, ഉത്തരവാദിത്വമില്ല അതിനാൽ ഭാരരഹിതരാണ്. ഭാരരഹിതമായത് കാരണം ആഗ്രഹിക്കുന്ന അത്രയും ഉയരാൻ സാധിക്കും. നിരന്തര യോഗി, സഹജയോഗി– ഇതാണ് ഉയർന്ന സ്ഥിതി, ഇതാണ് ഉയരത്തിൽ പോകുക എന്നത്. ഇങ്ങനെയുള്ള ഉയർന്ന സ്ഥിതിയുള്ളവരെയാണ് പറയുന്നത്– വിജയി കുമാർ. വിജയിയാണോ അതോ ഇടയ്ക്ക് തോൽവി, ഇടക്ക് ജയം– ഈ കളി കളിക്കുന്നില്ലല്ലോ? ഇടയ്ക്ക് ജയം, ഇടയ്ക്ക് തോൽവിയുടെ സംസ്ക്കാരമുണ്ടെങ്കിൽ ഏകരസ സ്ഥിതിയുടെ അനുഭവമുണ്ടാകില്ല. ഒന്നിന്റെ സ്നേഹത്തിൽ മുഴുകിയിരിക്കുന്നതിന്റെ അനുഭവം ചെയ്യാൻ സാധിക്കില്ല.

2) സദാ ഓരോ കർമ്മത്തിൽ അത്ഭുതം കാണിക്കുന്ന കുമാരനല്ലേ? ഒരു കർമ്മവും സാധാരണ കർമ്മമാകരുത്, അത്ഭുതം കാണിക്കുന്നതാകണം. ബാബയുടെ മഹിമ ചെയ്യുന്നുണ്ട്, ബാബയുടെ അത്ഭുതങ്ങൾ പാടുന്നു. അതേപോലെ കുമാർ അർത്ഥം ഓരോ കർമ്മത്തിൽ അത്ഭുതം കാണിക്കുന്നവർ. ഇട്യ്ക്ക് ഇങ്ങനെ, ഇട്യ്ക്ക് അങ്ങനെ– അല്ല. ആരിലും ആകർഷിക്കപ്പെടുന്നവരാകരുത്. ചഞ്ചലമാകുന്നവരാകരുത്. അവിടെയുമിവിടെയും കുടുങ്ങി പോകരുത്. അത്ഭുതം കാണിക്കുന്നവരാകൂ. അവിനാശി, അവിനാശിയാക്കുന്നവരാണ്– ഇങ്ങനെ വെല്ലുവിളിക്കുന്നവരാകൂ. അങ്ങനെ അത്ഭുതം ചെയ്തു കാണിക്കൂ– ഓരോ കുമാരനും നടക്കുമ്പോഴും കറങ്ങുമ്പോഴും ഫരിസ്ഥയായി കാണപ്പെടണം, ദൂരെ നിന്ന് തന്നെ ഫരിസ്ഥയുടെ തിളക്കം അനുഭവപ്പെടണം. വാണിയിലൂടെ സേവനത്തിന്റെ നിറയെ പരിപാടികൾ ഉണ്ടാക്കി, ഇത് തീർച്ചയായും ചെയ്യും എന്നാൽ ഇന്നത്തെ കാലത്ത് പ്രത്യക്ഷ തെളിവാണ് ആഗ്രഹിക്കുന്നത്. പ്രത്യക്ഷ തെളിവ് ഏറ്റവും ശ്രേഷ്ഠമായ തെളിവാണ്. ഇത്രയും പ്രത്യക്ഷ തെളിവുണ്ടായിയെങ്കിൽ സഹജമായ സേവനം നടക്കും. ഫരിസ്ഥ സ്ഥിതിയിലൂടെ സേവനം ചെയ്യൂ എങ്കിൽ പരിശ്രമം കുറവും സഫലത കൂടുതലും ലഭിക്കും. കേവലം വാണിയിലൂടെ മാത്രമല്ല ചെയ്യേണ്ടത് എന്നാൽ മനസ്സ്, വാക്ക്, കർമ്മം മൂന്നിലും ഒപ്പത്തിനൊപ്പം സേവനം നടക്കണം– ഇതിനെയാണ് പറയുന്നത്– അത്ഭുതം എന്ന്. ശരി.
വിട ചൊല്ലുന്ന സമയത്ത്– നാല് ഭാഗത്തുമുള്ള തീവ്ര പുരുഷാർത്ഥി, സദാ സേവാധാരി, സദാ ഡബിൾ ലൈറ്റായി മറ്റുള്ളവരെയും ഡബിൾ ലൈറ്റാക്കുന്ന, സഫലതയെ അധികാരത്തോടെ പ്രാപ്തമാക്കുന്ന, സദാ ബാബയ്ക്ക് സമാനം മുന്നോട്ടുയരുന്ന, മറ്റുള്ളവരെയും മുന്നോട്ടുയർത്തുന്ന, സദാ ഉണർവ്വിലും ഉത്സാഹത്തിലുമിരിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സ്നേഹി കുട്ടികൾക്ക് ബാപ്ദാദായുടെ വളരെ– വളരെ സ്നേഹത്തോടെയുള്ള സ്നേഹ സ്മരണയും പ്രഭാത വന്ദനവും.

## വരദാനം– ഓരോ ചുവടിലും ശ്രദ്ധിച്ച് കോടിമടങ്ങ് സമ്പാദ്യം ശേഖരിക്കുന്ന പദമാപദം പതിയായി ഭവിക്കട്ടെ.

ബാബ കുട്ടികൾക്ക് ഉയർന്ന സ്ഥിതിയിലിരിക്കുന്നതിനുള്ള നിർദ്ദേശമാണ് നല്കുന്നത്. അതിനാൽ ഇപ്പോൾ ലേശം പോലും അശ്രദ്ധ കാണിക്കേണ്ട സമയമല്ല, ഇപ്പോൾ ഓരോ ചുവടിലും ശ്രദ്ധ വച്ച്, ഓരോ ചുടിൽ കോടി മടങ്ങ് സമ്പാദിച്ച് പദംപതിയാകൂ. പേര് പദമാപദം ഭാഗ്യശാലിയെന്നാണ്, അതേപോലെയുള്ള കർമ്മമാകണം. ഒരു ചുവട് പോലും സമ്പാദ്യമില്ലാതെയാകരുത്. അതിനാൽ വളരെ ചിന്തിച്ച് മനസ്സിലാക്കി ശ്രീമത്തനുസരിച്ച് ഓരോ ചുവടും വയ്ക്കൂ. ശ്രീമത്തിൽ മൻമത്ത് മിക്സ് ചെയ്യരുത്.

## സ്ലോഗൻ– മനസ്സിനെ ഓർഡർ അനുസരിച്ച് നടത്തിക്കൂ എങ്കിൽ മൻമനാഭവ സ്ഥിതി സ്വതവേയുണ്ടാകും.